**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 854** **09-10-2024 - ൽ മറുപടിയ്ക്ക്**

**സ്വന്തമായി ഭൂമിയും വീട്ടും എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. മുരളി പെരുനെല്ലി | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സ്വന്തമായി ഭൂമിയും വീട്ടും എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വിഭാഗക്കാർക്ക് സ്വന്തമായി ഭൂമിയും വീട്ടും എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനായി ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനം നിർമ്മിക്കുന്നതിനായി ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്നു. കൂടാതെ ലൈഫ് മിഷൻ പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ഭൂമി അനുവദിക്കുന്നു. ലൈഫ് മിഷന്റെ "മനസ്സോടിത്തിരി മണ്ണ്" ക്യാംപയിന്റെ ഭാഗമായി ലഭിക്കുന്ന ഭൂമി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ പട്ടികജാതി വികസന വകുപ്പ് മുഖേന ഭവനം അനുവദിക്കുന്നില്ല. 2018-19 വർഷം മുതൽ ലൈഫ് മിഷൻ മുഖേനയാണ് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്. വകുപ്പ് വിഹിതമായ ഒരു ലക്ഷം രൂപ ലൈഫ് മിഷനു നൽകി വരുന്നു.<br><br>ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിലക്ക് വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമം പ്രകാരമുള്ള ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളെ ഭൂമിയുടെ ഉടമസ്ഥരാക്കുന്നു. കൂടാതെ റവന്യൂ ഭൂമി വിതരണത്തിലൂടെയും ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നു. |
| (ബി) | ഈ സർക്കാർ വന്നശേഷം എത്ര പേർക്ക് ഭൂമിയുടെ കൈവശാവകാശ രേഖകൾ കൈമാറിയിട്ടുണ്ട്; വിശദമാക്കുമോ; | (ബി) | 2021-22 വർഷം 4020 ഗുണഭോക്താക്കൾക്കും 2022-23 വർഷം 3303 ഗുണഭോക്താക്കൾക്കും 2023-24 വർഷം 3340 ഗുണഭോക്താക്കൾക്കും പട്ടികജാതി വികസന വകുപ്പ് മുഖേന ഭൂമി അനുവദിച്ചിട്ടുണ്ട്. കൈവശാവകാശ രേഖകൾ പട്ടികജാതി വികസന വകുപ്പ് മുഖേന വ്യക്തികൾക്ക് കൈമാറുന്നില്ല. റവന്യൂ |

| | | | |
|---|---|---|---|
| | | | **വകുപ്പ് മുഖേനയാണ് കൈവശരേഖകൾ വിതരണം ചെയ്യുന്നത്. എത്രപേർക്ക് കൈവശരേഖകൾ നൽകിയിട്ടുണ്ടെന്ന വിവരം ശേഖരിച്ചു വരുന്നു.**<br><br>**പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 260 പേർക്ക് 50.83 ഏക്കർ ഭൂമിയും, നിക്ഷിപ്ത വനഭൂമി വിതരണം പദ്ധതി പ്രകാരം 718 പേർക്ക് 243.80 ഏക്കർ ഭൂമിയും, വനാവകാശ നിയമം പ്രകാരം 2731 പേർക്ക് 3937.62 ഏക്കർ ഭൂമിയും, റവന്യൂ/ഫാം/പ്രോജക്ട് ഭൂമി വിതരണം പദ്ധതി പ്രകാരം 27 പേർക്ക് 20.98 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ആകെ 3736 പേർക്ക് 4253.23 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.** |
| (സി) | നിയമപരമായ സങ്കീർണ്ണതകളാൽ അപരിഹാര്യമായി തുടരുന്ന ഭൂപ്രശ്നങ്ങൾ പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) | **പട്ടികജാതി വിഭാഗക്കാരുടെ ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ റവന്യൂ വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നു.**<br><br>**പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വനാവകാശ നിയമപ്രകാരം ഭൂമി നൽകുന്നതിലുള്ള സങ്കീർണ്ണതകൾ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി (SLMC) മുഖേന പരിഹരിക്കുന്നു. സ.ഉ(സാധാ) നം.597/2019/പജപവവിവ തീയതി 28.06.2019 പ്രകാരം പട്ടികവർഗ്ഗക്കാരുടെ ഭൂമി സംബന്ധമായ വിഷയങ്ങൾ പരിഹരിക്കുന്നതിനായി ജില്ലാതലങ്ങളിൽ ജില്ലാ കളക്ടർ ചെയർമാനായി ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. 1999-ലെ കെ.എസ്സ്.റ്റി. ആക്ട് പ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ഭൂമിയുടെ അവകാശം സംരക്ഷിക്കുന്നതിനായി ഭൂമി കൈമാറ്റം നിയന്ത്രിക്കുവാനും അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ചുനൽകുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ റവന്യൂ വകുപ്പ് മുഖേന നടപടി സ്വീകരിച്ചു വരുന്നു. ഈ രീതിയിലും കൂടാതെ സർക്കാർ തലത്തിലും യോഗങ്ങൾ ചേർന്ന് പട്ടികവർഗ്ഗക്കാരുടെ ഭൂ പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.** |

സെക്ഷൻ ഓഫീസർ